# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13.11.2024**

### പ്രധാനവാർത്തകൾ

1. വയനാടും, ചേലക്കരയിലും ഉപതിരഞ്ഞെടുപ്പിലുള്ള പോളിങ്ങ് പുരോഗമിക്കുന്നു. ഒൻപത് സംസ്ഥാനങ്ങളിലെ 30 മണ്ഡലങ്ങളും വിധി എഴുതുന്നു.

2. നിയമസഭാ തിരെഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ ആദ്യ ഘട്ട വോട്ടെടുപ്പ് തുടരുന്നു ; മഹാരാഷ്ട്രയിൽ തെരഞ്ഞെടുപ്പ് പ്രചാരണം സജീവം.

3. സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം അലങ്കോലപ്പെടുത്താൻ ശ്രമം നടന്നെന്ന സംഭവത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് മൂന്നംഗ സമിതിയെ നിയോഗിച്ചു.

4. മലപ്പുറത്ത് പരാതി നൽകാനെത്തിയ വീട്ടമ്മയെ പീഡിപ്പിച്ചെന്ന ആരോപണത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കാനുള്ള നടപടി ഹൈക്കോടതി റദ്ദാക്കി.

5. ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്

*****************************************************

RNU TVPM

## കേരളം - ജനറൽ

സംസ്ഥാനത്ത്, ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്, ചേലക്കര മണ്ഡലങ്ങളിൽ പോളിങ്ങ് പുരോഗമിക്കുന്നു. രാവിലെ ആരംഭിച്ച വോട്ടെടുപ്പ് ആറ് മണി തുടരും. ഈ മാസം 23 നാണ് വോട്ടെണ്ണൽ.

*****************************************************

## ചേലക്കര...... ഫോൺ ഇൻ

വോട്ടിംഗ് സമയം പകുതി പിന്നിടുമ്പോൾ ചേലക്കര മണ്ഡലത്തിൽ 29.36 ശതമാനം പോളിംഗ് രേഖപ്പെടുത്തിയിട്ടുണ്ട്.180 പോളിങ് ബൂത്തുകൾ ആണ് ചേലക്കര മണ്ഡലത്തിൽ ഉള്ളത്. ചേലക്കരയിൽ നിന്ന് കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിതാ പ്രതാപ് ചേരുന്നു....

**ഭരിതാ, വോട്ടിംഗ് ഉച്ചയോട് അടുക്കുകയാണ്, ചേലക്കരയിൽ എങ്ങനെയാണ് ജനങ്ങളുടെ ഇതുവരെയുള്ള പങ്കാളിത്തം.....**

**(ഫോൺ ഇൻ)**

RJU TVPM

*****************************************************

## പ്രധാനമന്ത്രി - വോട്ട്

ജനാധിപത്യത്തിന്റെ ഉത്സവത്തിൽ ആവേശത്തോടെ പങ്കാളികളാകാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി എല്ലാ വോട്ടർമാരോടും അഭ്യർത്ഥിച്ചു. യുവ വോട്ടർമാരെയും, ആദ്യമായി വോട്ട് ചെയ്യുന്നവരെയും അഭിനന്ദിക്കുന്നതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിലൂടെ അറിയിച്ചു.

*****************************************************

## വയനാട് ... ഫോൺ ഇൻ

ദേശീയ തലത്തിൽ ശ്രദ്ധ നേടിയ വയനാട് പാർലമെൻറ് മണ്ഡലത്തിൽ പോളിംഗ് സുഗമമായി മുന്നോട്ട് പോകുകയാണ്. ഇതുവരെ 27.04 ശതമാനം പോളിംഗാണ് രേഖപ്പെടുത്തിയത്.

****************************************************

## പാലക്കാട്

ഈ മാസം 20 ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്, ഗൃഹ സമ്പർക്കങ്ങൾ നടത്തി ഓരോ വോട്ടറേയും കണ്ട് വോട്ടുറപ്പിക്കാനാണ് സ്ഥാനാർത്ഥികളുടെ ശ്രമം. മണ്ഡലത്തിൽ ഉൾപ്പെട്ട കൽപ്പാത്തിയിൽ ഇന്ന് ഒന്നാംതേരുത്സവ ദിനമായതിനാൽ സ്ഥാനാർത്ഥികൾ അവിടെ എത്തി വോട്ടർമാരെ നേരിൽ കാണും.

****************************************************

PNU TVPM

## ഝാർഖണ്ഡ്

നിയമസഭാ തിരെഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിലും ആദ്യ ഘട്ടവോട്ടെടുപ്പ് പുരോഗമിക്കുകയാണ്. 43 മണ്ഡലങ്ങളിലാണ് ഈ ഘട്ടത്തിൽ തിരെഞ്ഞെടുപ്പ് നടക്കുന്നത്. വൈകിട്ട് അഞ്ചുവരെയാണ് പോളിങ്. പതിന്നൊന്ന് മണിവരെ 29 ശതമാനം പേർ വോട്ട് ചെയ്തിട്ടുണ്ട്. 31 മണ്ഡലങ്ങളിലെ 950 പ്രശ്നബാധിത ബൂത്തുകളിൽ വൈകിട്ട് നാലിന് വോട്ടെടുപ്പ് സമാപിക്കും.

****************************************************

## മഹാരാഷ്ട്ര

മഹാരാഷ്ട്രയിൽ ഈ മാസം 20 നു നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം . വിവിധ രാഷ്ട്രീയ പാർട്ടികൾ സംസ്ഥാനത്തുടനീളം തെരഞ്ഞെടുപ്പ് റാലികളുമായി സജീവമാണ്. മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പും നാന്ദേഡ്

ലോക്സഭാ സീറ്റിലേക്കുള്ള ഉപതിരഞ്ഞെടുപ്പും ജാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പും ഈ മാസം 20 നാണ്.

*****************************************

<u>തിരഞ്ഞെടുപ്പ് - സംസ്ഥാനങ്ങൾ</u>

കേരളത്തിന് പുറമെ, നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന ഒൻപത് സംസ്ഥാനങ്ങളിലും വോട്ടെടുപ്പ് പുരോഗമിക്കുകയാണ്. കർണാടകയിലെ മൂന്നും ഗുജറാത്ത്, ഛത്തീസ്ഗഡ്, മേഘാലയ എന്നിവിടങ്ങളിലെ ഓരോയിടത്തും ബിഹാറിൽ നാലും അസമിൽ അഞ്ചും രാജസ്ഥാൻ, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ ആറും മധ്യപ്രദേശിലെ രണ്ടു മണ്ഡലങ്ങളിലുമാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്. എല്ലായിടത്തും ഈ മാസം 23-നാണ് വോട്ടെണ്ണൽ.

*****************************************

RNU TVPM

<u>വയനാട് ... ഫോൺ ഇൻ</u>

വയനാട് പാർലമെൻറ് മണ്ഡലത്തിൽ പോളിംഗ് സുഗമമായി മുന്നോട്ട് പോകുകയാണ്. മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസെൻറ് ചേരുന്നു.

**അരുൺ, ദേശീയ തലത്തിൽ ശ്രദ്ധ നേടിയ മണ്ഡലമാണ് വയനാട്. കഴിഞ്ഞ തിരഞ്ഞെടുപ്പിനെ അപേക്ഷിച്ച് പോളിംഗ് എങ്ങനെ മുന്നോട്ട് പോകുന്നു....**

**(ഫോൺ ഇൻ)**

*****************************************

<u>സ്കൂൾ കായികമേള</u>

കൊച്ചിയിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം അലങ്കോലപ്പെടുത്താനുള്ള ശ്രമം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് മൂന്നംഗ സമിതിയെ നിയോഗിച്ചു. മന്ത്രി വി ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിലാണ് തീരുമാനം. രണ്ടാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണം.

*******************************************

## ഹൈക്കോടതി - പൊന്നാനി

മലപ്പുറത്ത് പരാതി പറയാൻ എത്തിയ വീട്ടമ്മയെ പീഡിപ്പിച്ചെന്ന ആരോപണത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കാൻ നിർദ്ദേശിച്ച പൊന്നാനി മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കി. ആവശ്യമായ നടപടി സ്വീകരിക്കാനുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ നിർദ്ദേശത്തെ തുടർന്നാണ് കേസന്വേഷണത്തിന് മജിസ്ട്രേറ്റ് കോടതി ഉത്തരവിട്ടത്. പരാതി പറയാൻ എത്തിയ വീട്ടമ്മയെ പോലീസ് സർക്കിൾ ഇൻസ്പെക്ടറും , ഡിവൈഎസ്പിയും, അന്നത്തെ എസ്പിയും പീഡിപ്പിച്ചു എന്നാണ് വീട്ടമ്മ ആരോപിച്ചത്. ഇതിനെതിരെ ആരോപണവിധേയനായ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഡിവിഷൻ ബെഞ്ചിനെ സമീപിച്ചതിനെ തുടർന്നാണ് മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് ഡിവിഷൻ ബെഞ്ച് റദ്ദാക്കിയത്.

RNU TVPM

*******************************************

## രഥോത്സവം

പാലക്കാട് കൽപ്പാത്തിയിൽ ഇന്ന് ഒന്നാം തേരുത്സവം ആഘോഷിക്കും. രഥപ്രയാണങ്ങൾക്ക് തുടക്കം കുറിച്ച് ഇന്ന് രഥാരോഹണം നടക്കും. കൽപ്പാത്തി വിശാലാക്ഷി സമേത വിശ്വനാഥ സ്വാമിയുടെയും പരിവാര ദേവതകളുടെയും

തേരുകളാണ് ഒന്നാം തേര് ദിവസമായ ഇന്ന് അഗ്രഹാര വീഥികളിൽ എത്തുക. വെള്ളിയാഴ്ചയാണ് ദേവരഥ സംഗമം. തിരക്ക് കണക്കിലെടുത്ത് സുരക്ഷാ ക്രമീകരണങ്ങളും, ഗതാഗത നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

**************************************************

## എം ടി പത്മ

ഇന്നലെ അന്തരിച്ച മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എം ടി പത്മയുടെ ഭൗതികദേഹം ഇന്ന് ഉച്ചയോടെ കോഴിക്കോടെത്തിക്കും. തുടർന്ന് ഡിസിസി ഓഫീസിൽ പൊതുദർശനം നടക്കും. നാളെയാണ് സംസ്കാരം. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് മുംബൈയിലായിരുന്നു അന്ത്യം. 1991 മുതൽ 1995 വരെ കെ. കരുണാകരൻ മന്ത്രിസഭയിൽ ഫിഷറീസ്-ഗ്രാമ വികസന-രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയായിരുന്നു.

**************************************************

RNU TVPM

## കാസർകോഡ് (ഇൻട്രോ)

ശിശുദിനത്തോടനുബന്ധിച്ച് കാസർകോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കുട്ടികളുടെ ഹരിതസഭകൾ സംഘടിപ്പിക്കുന്നു. ജില്ലയിലെ 41 കേന്ദ്രങ്ങളിൽ തെരഞ്ഞെടുത്ത 150 മുതൽ 200 വരെ കുട്ടികളെയാണ് ഹരിതസഭയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**വിശദാംശങ്ങളുമായി കാസർകോഡ് ജില്ലാ പ്രതിനിധി P.ജഗന്നിവാസൻ..........**

**(ഹോൾഡ് വോയ്സ്......)**

**************************************************

## ഇ പി ജയരാജൻ

തന്റെ ആത്മകഥയിലേത് എന്ന തരത്തിൽ പുറത്തുവരുന്ന പരാമർശങ്ങൾ അടിസ്ഥാനരഹിതമാണെന്ന് സിപിഐഎം നേതാവ് ഇ പി ജയരാജൻ.പുസ്തകത്തിന്റെ കവർ ചിത്രം പോലും തയ്യാറാക്കിയിട്ടില്ലെന്നും വിഷയത്തിൽ നിയമനടപടി സ്വീകരിക്കുമെന്നും അദ്ദേഹം പ്രതികരിച്ചു.

***

## വി.എൻ വാസവൻ

സിപിഎം കേന്ദ്ര കമ്മിറ്റി അംഗം ഇ.പി.ജയരാജൻറെ ആത്മകഥാ വിവാദത്തിൽ ഇ.പി പറയുന്നതെ വിശ്വസിക്കാൻ കഴിയൂ എന്ന് മന്ത്രി വി.എൻ വാസവൻ. താൻ ഇങ്ങനെ ഒരു പുസ്തകം എഴുതി കൊടുത്തില്ലാ എന്നും, പ്രസിദ്ധീകരിക്കാൻ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല എന്നും ഇ പി പറയുമ്പോൾ അത് മാത്രമേ വിശ്വസിക്കാൻ സാധിക്കൂ. ഉപതെരഞ്ഞെടുപ്പ് ദിവസം തന്നെ ഈ വാർത്ത വന്നതിന് പിന്നിലും ഗൂഢാലോചനയുണ്ടെന്നും മന്ത്രി കോട്ടയത്ത് മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

RNU TVPM

***

## ശബരിമല- പാർക്കിങ്

ശബരിമല തീർഥാടകർക്ക് എരുമേലി ചെറിയമ്പലത്തിന് സമീപം പാർക്കിങ് സൗകര്യം ഏർപ്പെടുത്തുന്നതിനായി സംസ്ഥാന ഭവനനിർമാണ ബോർഡ് നടപ്പാക്കുന്ന എരുമേലി വാഹന പാർക്കിങ് പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി കെ. രാജൻ നിർവഹിക്കും. ഇന്ന് വൈകുന്നേരം അഞ്ചിന് നടക്കുന്ന ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിക്കും.

***

## ക്രിക്കറ്റ്

ദക്ഷിണാഫ്രിക്കക്കെതിരായ ഇന്ത്യയുടെ മൂന്നാം ട്വൻറി-20 മത്സരം ഇന്ന്. ദക്ഷിണാഫ്രിക്കയിലെ സെഞ്ചൂറിയനിലെ സൂപ്പർ സ്പോർട്ട് പാർക്ക് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30നാണ് മത്സരം. നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇരുടീമുകളും ഓരോ മത്സരം വീതം ജയിച്ചിട്ടുണ്ട്.

*******************************************************

## ജോർജ് കുര്യൻ -വിഴിഞ്ഞം

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്യമപ്പാര് സ്ഥാപിച്ച പ്രദേശങ്ങളിൽ -കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതിയ്ക്ക് തുടക്കം. വിഴിഞ്ഞം നോർത്ത് ഹാർബറിൽ രാവിലെ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതി ഉദ്ഘാടനം ചെയ്യു. ദേശീയ ഫിഷറീസ് വികസന ബോർഡ് വഴിയാണ് പദ്ധതി നടപ്പാക്കുന്നത്.

RNUTVPM

*******************************************************

## സുപ്രീംകോടതി - ബുൾഡോസർ

കുറ്റകൃത്യത്തിൽ പ്രതിയോ ശിക്ഷിക്കപ്പെട്ടവരോ ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം വ്യക്തികളുടെ വീടുകൾ പൊളിക്കാനുള്ള നടപടി ഭരണകൂടം കൈക്കൊള്ളാൻ പാടില്ലെന്ന് സുപ്രീംകോടതി. ഇത്തരം നടപടികൾ നിയമവാഴ്ചയ്ക്ക് വിരുദ്ധമാണെന്ന് നിരീക്ഷിച്ച കോടി ഒരു വ്യക്തിയുടെ കുറ്റം ജുഡീഷ്യറിയാണ് പ്രഖ്യാപിക്കേണ്ടതെന്നും വ്യക്തമാക്കി. വസ്തുവകകൾ പൊളിക്കുന്നതിന് മുമ്പ് അധികാരികൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും കോടതി പുറപ്പെടുവിച്ചു.

*******************************************************

## സഞ്ജീവ് ചോപ്ര

കോവിഡ് മഹാമാരിയുടെ പ്രതിസന്ധിഘട്ടത്തിൽ ആയിരം ലക്ഷം ടൺ ഭക്ഷ്യ ധാന്യം രാജ്യത്തെമ്പാടും വിതരണം ചെയ്യാൻ ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയ്ക്ക് സാധിച്ചതായി കേന്ദ്ര ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സെക്രട്ടറി സഞ്ജീവ് ചോപ്ര. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ 15-ാമത് അഖിലേന്ത്യ അന്താരാഷ്ട്ര സാംസ്കാരിക മത്സരം കോവളം ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര ഭക്ഷ്യ, പൊതുവിതരണ മന്ത്രാലയത്തിന് കീഴിലുള്ള ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ കേരള റീജിയണിൻറെ ആഭിമുഖ്യത്തിൽ ദേശീയ സാംസ്കാരിക സമ്മേളനത്തിൻറെ ഭാഗമായാണ് മത്സരം സംഘടിപ്പിക്കുന്നത്. രണ്ട് ദിവസം നീണ്ടു നിൽക്കുന്ന പരിപാടി നാളെ സമാപിക്കും.

RNU TVPM

****************************************************

## പ്രധാനമന്ത്രി - ബീഹാർ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബിഹാറിലെ ദർഭംഗ സന്ദർശിക്കും. 12,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തറക്കല്ലിട്ടു. ദർഭംഗയിൽ 1,260 കോടി രൂപ മുതൽ മുടക്കിൽ സ്ഥാപിക്കുന്ന എയിംസിന്റെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിച്ചു. 6,800 കോടി രൂപ ചിലവിൽ പൂർത്തിയാക്കിയ വിവിധ റോഡ് – റെയിൽ വികസന പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

****************************************************

## ട്രംപ് - ഉദ്യോഗസ്ഥർ

ടെസ്‌ല സിഇഒ എലോൺ മസ്കിൻ്റെയും, ഇന്ത്യൻ വംശജനായ വിവേക് രാമസ്വാമിയുടെയും നേതൃത്വത്തിൽ പുതിയ കാര്യക്ഷമതാ വകുപ്പ് സ്ഥാപിക്കുമെന്ന് നിയുക്ത യുഎസ്

പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. സർക്കാർ സംവിധാനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രസ്തുത വകുപ്പ് നൽകുമെന്ന് ട്രംപ് അറിയിച്ചു. ക്രിസ്റ്റി നോമിനെ ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറിയായി തിരഞ്ഞെടുത്തു. സൂസി വൈൽസ് വൈറ്റ് ഹൗസ് ചീഫ് ഓഫ് സ്റ്റാഫായി സേവനമനുഷ്ഠിക്കും. ഇത് ആദ്യമായാണ് ഒരു വനിത ഈ സ്ഥാനം വഹിക്കുന്നത്.

******************************************************

## സ്വാമി ചാറ്റ് ബോട്ട്

ശബരിമല ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടന അനുഭവം മെച്ചപ്പെടുത്തുന്നതിനായി നിർമ്മിക്കുന്ന "സ്വാമി ചാറ്റ് ബോട്ട് " എന്ന എ.ഐ അസ്സിസ്റ്റൻറിൻറെ ലോഗോ അനാവരണം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സ്മാർട്ട് ഫോൺ ഇൻറർഫേസിലൂടെ ആക്സസ് ചെയ്യാവുന്ന സ്വാമി ചാറ്റ് ബോട്ട് ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തെലുങ്ക്, തമിഴ്, കന്നഡ ഭാഷകളിൽ ലഭ്യമാകും. നടതുറപ്പ്, പൂജാസമയം തുടങ്ങിയ ക്ഷേത്ര കാര്യങ്ങളും വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ഭക്തർക്ക് ഇതിലൂടെ അറിയാനാകും.

RNUTVPM

******************************************************

## രേവതി പട്ടത്താനം

ചരിത്ര പ്രസിദ്ധമായ കോഴിക്കോട് തളി മഹാദേവക്ഷേത്രത്തിലെ രേവതി പട്ടത്താനം ചടങ്ങുകൾ ആരംഭിച്ചു. രാവിലെ ശാസ്ത്ര സദസ്സ് നടന്നു. കൂടല്ലൂർ നമ്പൂതിരിപ്പാട് നിശ്ചയിച്ച വേദ പണ്ഡിതൻ നീലകണ്ഠൻ നമ്പൂതിരിക്ക് വാതിൽമാടത്തിൽ വെച്ച് അചാരപ്രകാരം പണക്കിഴി നൽകി സാമൂതിരി രാജാവ് കെ. സി. ഉണ്ണിയനുജൻ രാജ ആദരിച്ചു. മികച്ച സാഹിത്യകാരനുള്ള

മനോരമ തമ്പുരാട്ടി പുരസ്ക്കാരം കവിയും ഗാനരചയിതാവുമായ ആർ.കെ ദാമോദരന് നൽകി ആദരിച്ചു.

*****************************************************

## ശബരിമല സ്പെഷൽ

ഹുബ്ലി - കോട്ടയം ശബരിമല സ്പെഷൽ സർവീസ് പ്രഖ്യാപിച്ച് റെയിൽവേ. ഹുബ്ലിയിൽ നിന്നു കോട്ടയത്തേക്ക് നവംബർ 19 മുതലും കോട്ടയത്തു നിന്നു ഹുബ്ലിയിലേക്ക് നവംബർ 20 മുതലും സർവീസ് തുടങ്ങും. ആകെ 18 സർവീസുകളാണ് നടത്തുക. മുൻപു കോട്ടയം റൂട്ടിൽ ബംഗളൂരു കൊച്ചുവേളി സ്പെഷൽ ട്രെയിനും പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ ശബരിമല സീണിൽ മുപ്പതോളം സ്പെഷൽ ട്രെയിനുകളാണ് സർവീസ് നടത്തിയത്.

*****************************************************

## ഐ.എഫ്.എഫ്.കെ

PNU TVPM

അടുത്ത മാസം 13 മുതൽ 20 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 29ാമത് കേരള രാജ്യാന്തര ചലചിത്ര മേളയുടെ സംഘാടക സമിതി രൂപീകരണയോഗം ഇന്ന് തിരുവന്തപുരത്ത് നടക്കും. വൈകുന്നേരം മൂന്നിന് നടക്കുന്ന യോഗം സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മന്ത്രിമാരായ വി.ശിവൻകുട്ടി, ജി.ആർ അനിൽ തുടങ്ങിയവരും പങ്കെടുക്കും.

*****************************************************

## പ്രധാനമന്ത്രി – സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നൈജീരിയ, ബ്രസീൽ, ഗയാന സന്ദർശനം ഈ മാസം 16 ന് ആരംഭിക്കും. പ്രസിഡൻ്റ് ബോല അഹമ്മദ് ടിനുബുവിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രിയുടെ നൈജീരിയ സന്ദർശനം. 7 വർഷത്തിന് ശേഷമാണ് ഒരു ഇന്ത്യൻ

പ്രധാനമന്ത്രി നൈജീരിയയിലെത്തുന്നത്. നവംബർ 18, 19 തീയതികളിൽ നടക്കുന്ന ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി ബ്രസീലിലെ റിയോ ഡി ജനീറോയിലേക്ക് പോകും. തുടർന്ന് അദ്ദേഹം ഗയാനയും സന്ദർശിക്കും.

## ജയശങ്കർ - സൗദി

വിദേശകാര്യ മന്ത്രി എസ് ജയശങ്കർ സൗദി അറേബ്യൻ വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സൗദ് രാജകുമാരനുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി സൗദി വിദേശകാര്യ മന്ത്രി ഇന്നലെയാണ് ഡൽഹിയിലെത്തിയത്. സൗദി അറേബ്യയുടെ ഏറ്റവും വലിയ രണ്ടാമത്തെ വ്യാപാര പങ്കാളിയാണ് ഇന്ത്യ.

RNUTVPM

## ഡിആർഡിഒ

ഡിആർഡിഒ-യുടെ ദീർഘദൂര ഗതി നിയന്ത്രിത ഭൂതല മിസൈലിൻ്റെ ആദ്യ പരീക്ഷണം ഒഡീഷയിലെ ചന്ദിപൂരിൽ നടന്നു. പരീക്ഷണം വിജയകരമായിരുന്നതായി ഡിആർഡിഒ അറിയിച്ചു. ആദ്യ പരീക്ഷണം വിജയിച്ചതിൽ ഡിആർഡിഒയേയും സായുധ സേനയെയും ബഹിരാകാശ മേഖലയിലെ വിദഗ്ധരെയും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് അഭിനന്ദിച്ചു.